**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2666** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാർപ്പിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ സംസ്ഥാനത്ത് ആദിവാസികൾ അടക്കമുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; | (എ) | 2009-2010സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് , പട്ടികജാതി വികസന വകുപ്പ് , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രഷൻ (KILA)എന്നിവ സംയുക്തമായി നടത്തിയ അടിസ്ഥാന വിവര ശേഖരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 3,41,964 പട്ടികജാതി കുടുംബങ്ങളാണുള്ളത് . ലൈഫ് മിഷൻ 2020 ലെ കണക്കു പ്രകാരം 45016 ഭൂരഹിത പട്ടികജാതി കുടുംബങ്ങളും 62301 ഭവനരഹിത പട്ടികജാതി കുടുംബങ്ങളുമാണുള്ളത് .<br><br>പട്ടിക വർഗ വികസന വകുപ്പ് 2019 ൽ നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെ 1,47,767പട്ടികവർഗ കുടുംബങ്ങൾ ഉള്ളതിൽ 16,070 പേർ ഭവനരഹിതരാണ് |
| (ബി) | ഇതിൽ സ്വന്തമായി പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (ബി) | 2009-2010സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് , പട്ടികജാതി വികസന വകുപ്പ് , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രഷൻ (KILA)എന്നിവ സംയുക്തമായി നടത്തിയ അടിസ്ഥാന വിവര ശേഖരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 3,41,964 പട്ടികജാതി കുടുംബങ്ങളാണുള്ളത് . ലൈഫ് മിഷൻ 2020 ലെ കണക്കു പ്രകാരം 45016 ഭൂരഹിത പട്ടികജാതി കുടുംബങ്ങളും 62301 ഭവനരഹിത പട്ടികജാതി കുടുംബങ്ങളുമാണുള്ളത് .<br>പട്ടിക വർഗ വികസന വകുപ്പ് 2019 ൽ നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെ 1,47,767പട്ടികവർഗ കുടുംബങ്ങൾ ഉള്ളതിൽ 16,070 പേർ ഭവനരഹിതരാണ് |
| (സി) | ആദിവാസികൾ അടക്കമുള്ള എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻ സർക്കാർ | (സി) | **പട്ടികജാതി വികസന വകുപ്പ്** |

| | | | |
|---|---|---|---|
| | പാർപ്പിടം നിർമ്മിച്ച് നൽകിയെന്നും തുടർ സർക്കാർ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പാർപ്പിടം നൽകിയെന്നും വ്യക്തമാക്കുമോ? | | പട്ടികജാതി വികസന വകുപ്പ് , മറ്റ് ഇതര വകുപ്പുകൾ എന്നിവ മുഖേന ഭവന നിർമ്മാണം ആരംഭിച്ചതും 31.3.2016 വരെ പൂർത്തീകരിക്കാത്തതുമായ 19,153 വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. , ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 10598 വീടുകളും മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 3502 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പ് നേരിട്ട് വിവിധ പദ്ധതികൾ മുഖേന അനുവദിച്ച 22605 വീടുകളും ഉൾപ്പെടെ ആകെ 55858 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത്പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷൻ രണ്ടും മൂന്നും ഘട്ടങ്ങളിൽ അനുവദിച്ച 12,032 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>പട്ടിക വർഗ വികസന വകുപ്പ്</u>**<br><br>പട്ടികവർഗ വികസന വകുപ്പ് , മറ്റ് ഇതര വകുപ്പുകൾ എന്നിവ മുഖേന ഭവന നിർമ്മാണം ആരംഭിച്ചതും 31.3.2016 വരെ പൂർത്തീകരിക്കാത്തതുമായ 17287 വീടുകൾ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയും, ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ 2526 വീടുകളും മൂന്നാം ഘട്ടത്തിൽ 80 വീടുകളും വകുപ്പ് നേരിട്ട് വിവിധ പദ്ധതികൾ മുഖേന അനുവദിച്ച 3635വീടുകളും ഉൾപ്പെടെ ആകെ 23528 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ 3,076 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ